**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേന അംഗങ്ങൾക്ക് വിവാഹ ചടങ്ങുകൾക്കും മറ്റും വാടകയ്ക്ക് നൽകുന്നതിനായി സ്റ്റീൽ പ്ലേറ്റുകൾ, സിറാമിക് പ്ലേറ്റുകൾ സ്റ്റീൽ/ഗ്ലാസ് ജഗ്ഗുകൾ തുടങ്ങിയവ വാങ്ങി നൽകുന്നതിനുള്ള ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 'സഹയാനം - മാലിന്യമുക്ത ഭരണിക്കാവ് എന്ന പ്രൊജക്റ്റ് (പ്രോ.നം.68/20) നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2349/2019/LSGD തീയതി,തിരുവനന്തപുരം, 23/10/2019

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിങ് ഓഫീസറുടെ 27.08.2019-ലെ കത്ത് (SRG/806/2019-CC/543/2019)

2 26.09.2019-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.27

**ഉത്തരവ്**

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേന അംഗങ്ങൾക്ക് വിവാഹ ചടങ്ങുകൾക്കും മറ്റും വാടകയ്ക്ക് നൽകുന്നതിനായി സ്റ്റീൽ പ്ലേറ്റുകൾ,സിറാമിക് പ്ലേറ്റുകൾ, സ്റ്റീൽ/ഗ്ലാസ് ജഗ്ഗുകൾ തുടങ്ങിയവ വാങ്ങി നൽകുന്നതിന് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 'സഹയാനം - മാലിന്യമുക്ത ഭരണിക്കാവ് എന്ന പേരിൽ പ്രോജക്റ്റ് (പ്രോ.നം.68/20) തയാറാക്കിയിരുന്നു. പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കുവാൻ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്, കുടുംബശ്രീ അംഗങ്ങളായുള്ള ഹരിതകർമ്മസേനയ്ക്ക് വേണം ഇവ വാങ്ങി നൽകേണ്ടതെന്ന നിബന്ധനയോടെ, അനുമതി നൽകുന്നതിന് 26.09.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേല്പറഞ്ഞ 'സഹയാനം - മാലിന്യമുക്ത ഭരണിക്കാവ്' എന്ന പ്രൊജക്റ്റ് (പ്രോജക്റ്റ് നമ്പർ 68/20, അടങ്കൽ 15,83,720/-രൂപ- വികസനഫണ്ട്) നടപ്പാക്കുന്നതിന്, കുടുംബശ്രീ അംഗങ്ങളായുള്ള ഹരിതകർമ്മസേനയ്ക്ക് വേണം ഇവ വാങ്ങി നൽകേണ്ടതെന്ന നിബന്ധനയോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.10.24 11:51:35 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്